പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4927 | 5.02.2014 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനുള്ള ധനസഹായം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീമതി. ഗീതാ ഗോപി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് സാമൂഹ്യനീതി വകുപ്പ് ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ ; | (എ) അംഗൻവാടി കെട്ടിടം പണിയുന്നതിനു സാമൂഹ്യനീതി വകുപ്പ് ധനസഹായം നൽകുന്നുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിലാണ് മാതൃകാ അംഗൻവാടികൾ അനുവദിക്കുന്നത്. ഒരു മാതൃകാ അംഗൻവാടി കെട്ടിടത്തിനു 23.75 ലക്ഷം രൂപ അനുവദിക്കും. ഇതിൽ സർക്കാർ തലത്തിൽ 17 ലക്ഷം രൂപയും, എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപയും ആണ്.<br>2. നബാർഡിന്റെ ആർഐഡിഎഫ് സ്കീം പ്രകാരം റൂറൽ ഏരിയായിൽ കുറഞ്ഞത് 3 സെന്റ് സ്ഥലം സ്വന്തമായുള്ള അംഗൻവാടിയ്ക്ക് കെട്ടിടം പണിയാൻ 7 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.<br>3. സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ കെട്ടിടം പണിയുന്നതിനു കുറഞ്ഞത് 3 സെന്റ് സ്ഥലം ആവശ്യമാണ്.<br>4. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റസല്യൂഷൻ ആവശ്യമാണ്.<br>5. കെട്ടിടം പണിയുന്നതിനുള്ള സ്ഥലത്തിന്റെ ownership/possession certificate സമർപ്പിക്കണം.<br>6. കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം വകുപ്പിന്റെ പേരിലോ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരിലോ, കൈമാറ്റം ചെയ്യണം. |
| (ബി) നാട്ടിക നിയോജക മണ്ഡലത്തിൽ സ്വന്തമായി 5 സെന്റ് സ്ഥലമുള്ള 8 അംഗൻവാടികൾക്ക് കെട്ടിടം പണിയാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ? | (ബി) നാട്ടിക നിയോജക മണ്ഡലത്തിൽ സ്വന്തമായി 5 സെന്റ് സ്ഥലമുള്ള അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനായുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ